ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@rediffmail.com
website: www.celsgd.com

നം: ഡിബി1/സി.ഇ/പി.എഫ്/തസ്വഭവ

തീയതി: 16-09-2010.

# സർക്കുലർ

വിഷയം : മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സാങ്കേതിക വിഭാഗം ജീവനക്കാർ - പ്രൊബേഷൻ - സസ്പെൻഷൻ റഗുലറൈസേഷൻ - അച്ചടക്ക നടപടികൾ എന്നിവ - സംബന്ധിച്ച്

സൂചന : 11.06.2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 122/2010/തസ്വഭവ

മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ജോലി ചെയ്യുന്ന/ ചെയ്തിരുന്ന ജീവനക്കാരുടെ ഓരോ തസ്തികകളിലും പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തതു മൂലവും സസ്പെൻഷൻകാലം റഗുലറൈസ് ചെയ്യാത്തതു മൂലവും അച്ചടക്ക നടപടികൾ തീർപ്പാക്കാത്തതുമൂലവും പ്രൊമോഷൻ നൽകാൻ കഴിയാതിരിക്കുകയും പേ സ്ലിപ്പ് നൽകാൻ കഴിയാതിരിക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കഴിയാതിരിക്കുകയും ചെയ്യുന്ന ചില കേസുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉയർന്ന തസ്തികകളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടെങ്കിലും താഴെയുള്ള തസ്തികകളിൽ ഡിക്ലയർ ചെയ്യാതിരുന്ന അവസ്ഥമൂലം പേ സ്ലിപ്പ് നൽകാൻ കഴിഞ്ഞിട്ടില്ല. ചുരുക്കത്തിൽ സർവ്വീസ് പുസ്തകങ്ങൾ പലതിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തത് പേ സ്ലിപ്പ് നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാക്കിയതായി അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൂചന ഉത്തരവു പ്രകാരം സർക്കാർ ജീവനക്കാരായി മാറിയ ഈ ജീവനക്കാർക്ക് യഥാസമയം ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞില്ലെങ്കിൽ പലർക്കും പല വിഷമങ്ങളും ഉണ്ടാകും. ആയതിനാൽ ഇക്കാര്യങ്ങൾ ഗൗരവ പൂർവ്വം കണക്കിലെടുത്ത് ആവശ്യമായ വിവരങ്ങളും പ്രൊപ്പോസലുകളും എത്രയും വേഗം ഈ ആഫീസിൽ എത്തിക്കുന്നതിനും ജീവനക്കാർക്കും അവരുടെ കൺട്രോളിംഗ് ആഫീസർമാർക്കും നിർദ്ദേശം നൽകുന്നു.

ചീഫ് എൻജിനിയർ.

പകർപ്പ്:
1) ബഹു: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അവർകളുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.
2) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം അറിവിലേയ്ക്കായി അയയ്ക്കുന്നു
3) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം അറിവിലേയ്ക്കായി അയയ്ക്കുന്നു
4) സൂപ്രണ്ടിംഗ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ.............. അറിവിലേയ്ക്കായി അയയ്ക്കുന്നു
5) സെക്രട്ടി, .......................... കോർപ്പറേഷൻ/ .............................. നഗരസഭ
6) ചീഫ് എൻജിനീയറുടെ വെബ്സൈറ്റ് / ഗവൺമെന്റ് വെബ്സൈറ്റ്
7) ചീഫ് എൻജിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് /ജെ.എസ്. / എല്ലാ സെക്ഷനിലും

GL/MD/DB1m/2010/circular